നഷ്ടപരിഹാരത്തിനുള്ള ക്ലെയിമുകൾ പരിശോധിക്കുന്നതും ബന്ധപ്പെട്ട ഗവൺമെൻറുകൾവഴി അവ അർഹരായ അവകാശികൾക്ക് വിതരണം ചെയ്യുന്നതും യു.എൻ.സി.സി. -യുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമാണ്. ഇക്കാര്യത്തിൽ എന്തു കാലതാമസം ഉണ്ടാകുമെന്നോ വിതരണം ചെയ്തുവരുന്ന തുക എത്രത്തോളം ആയിരിക്കുമെന്നോ ഉള്ള കാര്യങ്ങൾ ഇപ്പോൾ വ്യക്തമല്ല.

ഗൾഫ് മലയാളികളിലൂടെ ലഭിക്കുന്ന വിദേശ നിക്ഷേപം

19 [1116] ശ്രീ. തച്ചടി പ്രഭാകരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾ ഇൻഡ്യയിലെത്തിക്കുന്ന വിദേശ നിക്ഷേപം പൂർണ്ണമായി ചൂഷണം ചെയ്യാൻ സംസ്ഥാന ഗവൺമെൻറിന് കഴിയുന്നില്ലെന്നുള്ളത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ 5 വർഷങ്ങളിൽ ഗൾഫ് മലയാളികൾ കേരളത്തിൽ എത്തിച്ച വിദേശനാണ്യം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗൾഫ് മലയാളികളുടെ ഇൻഡ്യയിലെ നിക്ഷേപം സംസ്ഥാനത്തിൻെറ പുരോഗതിക്കായി പൂർണ്ണമായി ചൂഷണം ചെയ്യപ്പെടുന്നില്ല എന്നുള്ളത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദേശികളുടേയും വിദേശ ഇൻഡ്യാക്കാരുടെയും നിക്ഷേപം സംസ്ഥാന വ്യവസായ മേഖലകളിലേയ്ക്കും മറ്റും ആകർഷിക്കുന്നതിനായി വിവിധ തലങ്ങളിൽ ശ്രമങ്ങൾ നടത്തിവരുന്നു. ബാങ്കുകളിലെ വായ്പാ നിക്ഷേപാനുപാതം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് റിസർവ് ബാങ്ക് നിയോഗിച്ച ടാസ്ക് ഫോഴ്സിൻെറ ശുപാർശകൾ സർക്കാരും മറ്റു ബന്ധപ്പെട്ട ഏജൻസികളും ദ്രുതഗതിയിൽ നടപ്പിലാക്കിവരികയാണ്. ആ ശുപാർശകൾ നടപ്പിലാക്കിക്കഴിയുമ്പോൾ ഗൾഫ് മലയാളികളുടെ നിക്ഷേപവും സംസ്ഥാനത്തിൻെറ സാമ്പത്തിക പുരോഗതിക്കായി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നു. കൂടാതെ വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനായി ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നകാര്യം സർക്കാരിൻെറ പരിഗണനയിലുണ്ട്.

(സി) ഗൾഫ് മലയാളികളുടെമാത്രം നിക്ഷേപത്തിൻെറ കണക്ക് ലഭ്യമല്ല. 1991 മുതൽ 1995 സെപ്റ്റംബർ വരെ സംസ്ഥാനത്തെ ബാങ്കുകളിലെ ഗൾഫ് മലയാളികളുടേതുൾപ്പെടെയുള്ള നിക്ഷേപം താഴെ പറയും പ്രകാരമാണ്:

വർഷം	നിക്ഷേപം (രൂപ കോടിയിൽ)
1991 മാർച്ച് 31	2304
1992 മാർച്ച് 31	3039
1993 മാർച്ച് 31	4499
1994 മാർച്ച് 31	6015
1995 സെപ്റ്റംബർ വരെ	7253

LIBRARY ARCHIVES Kerala Legislative Assembly